**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2299** **16-03-2022 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ലീഗൽ മെട്രോളജി വകുപ്പിന് ലാബ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | null<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ലീഗൽ മെട്രോളജി വകുപ്പിന് സെക്കന്ററി സ്റ്റാൻഡേർഡ് ലാബ്, വർക്കിംഗ് സ്റ്റാൻഡേർഡ് ലാബ്, ഗോൾഡ് ടെസ്റ്റിംഗ് ലാബ് തുടങ്ങിയവ നിർമ്മിക്കുന്നതിന് ചാത്തമംഗലം വില്ലേജിലെ കോയിമണ്ണ ദേശത്ത് റവന്യൂ വകുപ്പിന്റെ കൈവശത്തിലുള്ള സ്ഥലം അനുവദിക്കുന്നതിന് റവന്യൂ വകുപ്പിന് അപേക്ഷ നൽകിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | കേന്ദ്ര ഉപഭോക്തൃകാര്യ വകുപ്പിൽ നിന്നും ആവശ്യമായ ഫണ്ട് ലഭിക്കുന്നതിന് സ്ഥലം അടിയന്തരമായി അനുവദിച്ചു കിട്ടേണ്ടതുണ്ടെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട് ; കോഴിക്കോട് ലീഗൽ മെട്രോളജി വകുപ്പിന് സെക്കന്ററി സ്റ്റാൻഡേർഡ് ലാബ്, വർക്കിംഗ് സ്റ്റാൻഡേർഡ് ലാബ്, ഗോൾഡ് ടെസ്റ്റിംഗ് ലാബ് തുടങ്ങിയവ നിർമ്മിക്കുന്നതിന് പൂളക്കോട് വില്ലേജിൽ, കോയിമണ്ണ ദേശത്ത് റീസർവ്വേ 20/1എ1-ൽപ്പെട്ട റവന്യൂ വകുപ്പിന്റെ കൈവശത്തിലുള്ള സ്ഥലം അനുവദിക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പ് കൺട്രോളർ സമർപ്പിച്ച അപേക്ഷ ഫയൽ നമ്പർ 18/സിഎ3/2022/ഉ.കാ.വ. പ്രകാരം തുടർനടപടികൾക്കായി റവന്യൂ വകുപ്പിന് നൽകിയിട്ടുണ്ട്. |
| (സി) | നടപടികൾ ത്വരിതപ്പെടുത്തി സ്ഥലം ലഭ്യമാക്കാൻ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ആവശ്യമായ ഇടപെടലുകൾ നടത്തുമോ? | (സി) | ഉണ്ട് ; കോഴിക്കോട് ലീഗൽ മെട്രോളജി വകുപ്പിന് സെക്കന്ററി സ്റ്റാൻഡേർഡ് ലാബ്, വർക്കിംഗ് സ്റ്റാൻഡേർഡ് ലാബ്, ഗോൾഡ് ടെസ്റ്റിംഗ് ലാബ് തുടങ്ങിയവ നിർമ്മിക്കുന്നതിന് പൂളക്കോട് വില്ലേജിൽ, കോയിമണ്ണ ദേശത്ത് റീസർവ്വേ 20/1എ1-ൽപ്പെട്ട റവന്യൂ വകുപ്പിന്റെ കൈവശത്തിലുള്ള സ്ഥലം അനുവദിക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പ് കൺട്രോളർ സമർപ്പിച്ച അപേക്ഷ ഫയൽ നമ്പർ 18/സിഎ3/2022/ഉ.കാ.വ. പ്രകാരം തുടർനടപടികൾക്കായി റവന്യൂ വകുപ്പിന് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ